**4.11.2023**

# <u>KGBEU OU ബുള്ളറ്റിൻ 146 /2023</u>

സഖാക്കളെ,

## വിഷയം: financial അക്കൗണ്ടബിലിറ്റി

CGTMSE യുമായി ബന്ധപ്പെട്ട ചില ലോൺ അക്കൗണ്ടുകൾക്ക് കഴിഞ്ഞ ദിവസം അക്കൗണ്ടബിലിറ്റി ചുമത്തിയതായി സംഘടനയ്ക്ക് വിവരം ലഭിച്ചിട്ടുണ്ട്. യാതൊരു തരത്തിലും നീതീകരിക്കാവുന്ന തരത്തിലല്ല നിലവിൽ മാനേജ്മെന്റ് അക്കൗണ്ടബിലിറ്റി ചുമത്തുന്ന വിഷയം കൈകാര്യം ചെയ്യുന്നത്.

CGTMSE ലോൺ NPA ആയാൽ സമയപരിധിക്കുള്ളിൽ അത് റിപ്പോർട്ട് ചെയ്യാൻ വിട്ടുപോകുന്ന ഓഫീസർ/ബ്രാഞ്ച് മാനേജർമാരിൽ നിന്ന് ബാങ്കിന് claim ആയി ലഭിക്കേണ്ടിയിരുന്നതും എന്നാൽ വീഴ്ച സംഭവിച്ചത് കൊണ്ട് മാത്രം ബാങ്കിന് ലഭിക്കാത്തതുമായ തുകയോ അല്ലെങ്കിൽ അതിൽ കുറവോ നേരത്തെ അക്കൗണ്ടബിലിറ്റി ചുമത്തിയിട്ടുണ്ട്. ലോൺ അമൗണ്ടിന്റെ 85% അല്ലെങ്കിൽ NPA ആകുന്ന ദിവസത്തെ outstanding തുകയുടെ 85% അതുമല്ലെങ്കിൽ claim ചെയ്യുന്ന തീയതിയിലെ 85% ഇതിൽ ഏതാണോ കുറവ് അതാണ് ബാങ്കിന് ലഭിക്കുന്ന claim.

എന്നാൽ മുകളിൽ പറഞ്ഞതിൽപ്പെട്ട ചില അക്കൗണ്ടുകൾക്ക് അക്കൗണ്ടബിലിറ്റി ആദ്യമേ തന്നെ fix ചെയ്യുകയും അതിനു ശേഷം പ്രസ്തുത അക്കൗണ്ടുകൾ OTS വഴി ക്ലോസ് ചെയ്തപ്പോൾ sacrifice amount ജീവനക്കാരിൽ നിന്നും പിടിക്കുകയും ചെയ്യാനാണ് മാനേജ്മെന്റ് തീരുമാനിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ ബാങ്കിന് claim വഴി ലഭിക്കാനുള്ള തുകയേക്കാൾ കൂടുതലാണ് settlement വഴി ലഭിച്ചിരിക്കുന്നത് എന്നതിനാൽ ഒരു രൂപ പോലും ജീവനക്കാർക്കുമേൽ അക്കൗണ്ടബിലിറ്റി ചുമത്താൻ പാടില്ല എന്ന് നാം മാനേജ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മാനേജ്മെന്റ് അനുകൂലമായല്ല പ്രതികരിക്കുന്നത് എങ്കിൽ ശക്തമായ രീതിയിൽ തന്നെ ഈ വിഷയം കൈകാര്യം ചെയ്യാൻ സംഘടന തീരുമാനിച്ചിട്ടുണ്ട്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)